## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1437 03.12.2015 ൽ മറുപടിയ്ക്ക്

## കടവല്ലൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ. ആസ്തി വികസന പദ്ധതി 2012-13 ൽ ഉൾപ്പെടുത്തി 51 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതല നൽകിയതുമായ കടവല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെയവസ്ഥ എന്താണ് ; | (എ) 2012-13 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുള്ള കടവല്ലൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണ പ്രവർത്തനങ്ങൾ മെയിൻ സ്ലാബിന്റെ പൂർത്തീകരണം വരെ എത്തിയിട്ടുണ്ട്. |
| (ബി) ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരി-യ്ക്കുവാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണ്; | (ബി) പൂർത്തീകരിച്ച പ്രവൃത്തിയുടെ ബില്ല് ലഭിക്കുന്നതിന് നേരിട്ട കാലതാമസം മൂലം കരാറുകാരന് ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരി-യ്ക്കുവാൻ കഴിയാതെ വന്നത്. |
| (സി) പ്രസ്തുത പ്രവൃത്തി കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കു-ന്നതിനുള്ള കാലാവധി കരാറുകാരന് നീട്ടി നൽകുകയും, വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ